# <u>പന്തപ്ലാക്കൽ കുടുംബസംഗമം</u>

## <u>11-ാം സമ്മേളന റിപ്പോർട്ട്.</u>

Date: 10-11-2012

**പി.ജെ. ചെറിയാൻ മാസ്റ്റർ, നിടുംപൊയിൽ**

പഴമയുടേയും പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റേയും സിരാ കേന്ദ്രമായ പാലായ്ക്കടുത്തുള്ള പന്തത്തലയിൽ തുടക്കം കുറിച്ച് ഒന്നര നൂറ്റാണ്ടുകൊണ്ട് ഒരു വലിയ വടവൃക്ഷം പോലെ ശാഖകളും ഉപശാഖകളുമായി പടർന്ന് പന്തലിച്ച് നിൽക്കുന്ന, പന്തപ്ലാക്കൽ കുടുംബയോഗത്തിന്റെ 11-ാം വാർഷിക സമ്മേളനം കണ്ണൂർ ജില്ലയിൽ നെടുംപൊയിൽ ശ്രീമാൻ ചെറിയാൻ മാസ്റ്ററുടെ പന്തപ്ലാക്കൽ ഭവനത്തിൽ ചേർന്ന കുടുംബ കൂട്ടായ്മയുടേയും നാളിതുവരെയുള്ള പ്രവർത്തനത്തിന്റെയും ഒരു സംക്ഷിപ്ത റിപ്പോർട്ട്,. 12-ാം വാർഷിക സമ്മേളനം നടക്കുന്ന ഈ അനുഗ്രഹീത സന്ദർഭത്തിൽ നിങ്ങളുടെ മുൻപാകെ സവിനയം അവതരിപ്പിക്കട്ടെ.

മീനച്ചിൽ താലൂക്കിലെ പന്തത്തലയിൽ തായ്‌വേരുള്ളതായ നമ്മുടെ കുടുംബം ഇന്ന് താലൂക്കും ജില്ലയും സംസ്ഥാനവും രാജ്യവും കടന്ന് അന്യനാടുകളിൽ പോലും വളർന്നു കഴിഞ്ഞു. അവരെയെല്ലാം വർഷത്തിലൊരിക്കലെങ്കിലും ഒന്നിച്ചു ചേർക്കുക എന്ന മഹത്തായ ലക്ഷ്യമാണ് നമ്മൾ ഈ കുടുംബയോഗങ്ങൾ കൊണ്ട് ലക്ഷ്യമിടുന്നത് ഈ സംരംഭം 100 % വിജയത്തിലെത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതിനായ് നമുക്ക് ഒന്നിച്ച് ആത്മാർത്ഥമായി പരിശ്രമിക്കാം.

10-11-12 ന് ശനിയാഴ്ച 6-45 ന് നെടുംപുറംചാൽ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ നമ്മുടെ രക്ഷാധികാരി റവ. ഫാ. തോമസ് പന്തപ്ലാക്കൽ ദിവ്യബലിയും നമ്മുടെ പ്രിയപ്പെട്ട മൺമറഞ്ഞ കുടുംബാംഗങ്ങൾക്കു വേണ്ടിയുള്ള ഒപ്പീസും നടത്തി.

8 മണിക്ക് രജിസ്ട്രേഷനോടുകൂടി കുടുംബയോഗ സമ്മേളനം ആരംഭിച്ചു. 200 ൽ പരം കുടുംബാംഗങ്ങൾ സമ്മേളനത്തിൽ സജീവമായി പങ്കെടുത്തു.തുടർന്ന് പ്രഭാത ഭക്ഷണമായിരുന്നു. 9 മണിക്ക് കൊച്ചു മക്കളുടെ ഈശ്വര പ്രാർത്ഥനയോടുകൂടി യോഗ നടപടികൾ ആരംഭിച്ചു. അന്നത്തെ സെക്രട്ടറിയും സമ്മേളനം നടക്കുന്ന ഭവനത്തിന്റെ നാഥനുമായ ചെറിയാൻ മാസ്റ്ററിന്റെ സ്വാഗത ഭാഷണം ഹൃദ്യമായിരുന്നു. തുടർന്ന് അധ്യക്ഷഭാഷകൻ മുൻ പ്രസിഡന്റ് പി.ടി. ജോസഫ് കുടുംബയോഗത്തിന്റെ വിജയത്തിനായി യുവതലമുറയുടെ പങ്കാളിത്തത്തെപ്പറ്റി സ്നേഹത്തിന്റെ ഭാഷയിൽ വളരെ ഗഗനമായി സംസാരിച്ചു.

അതിനുശേഷം രക്ഷാധികാരി റവ. ഫാദർ. തോമസ് പന്തപ്ലാക്കൽ കഴിഞ്ഞ സമ്മേളനത്തിനു ശേഷം നമ്മെ വിട്ടു പിരിഞ്ഞ കുടുംബാംഗങ്ങളെ ഓരോരുത്തരെയും സ്മരിച്ചുകൊണ്ട് വളരെ വിഷാദ വിവശനായി സംസാരിച്ചു. ആത്മീയ ജീവിതത്തിൽ ഒരുപാട് അനുഭവങ്ങളും അറിവുമുള്ള രക്ഷാധികാരി കുടുംബ ജീവിതത്തിന്റെ നാനാ വശങ്ങളെ പറ്റി കുടുംബാംഗങ്ങളെ വളരെ വിശദമായി പറഞ്ഞു മനസ്സിലാക്കി.

പിന്നീട് ഏതു വിഷയത്തേയും കരുതലാമലകം പോലെ കൈകാര്യം ചെയ്യുവാൻ കഴിവുള്ള അന്നത്തെ സെക്രട്ടറി ശ്രീ ചെറിയാൻ മാസ്റ്റർ മുൻ വർഷത്തെ സമ്മേളനത്തിന്റേയും തുടർന്നുള്ള പ്രവർത്തനങ്ങളുടേയും വിശദമായ റിപ്പോർട്ടും വരവു ചിലവുകണക്കുകളും അവതരിപ്പിച്ചു. റിപ്പോർട്ട് ഭേദഗതികൾ ഒന്നും കൂടാതെ കൈയ്യടിച്ചു പാസ്സാക്കി.

തുടർന്നു നടന്നത് ഉത്ഘാടനമായിരുന്നു. അതിനായി സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന കണ്ണൂർ, പേരാവൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീമാൻ അഡ്വ. സണ്ണി ജോസഫായിരുന്നു. അദ്ദേഹം തിരുവിതാംകൂറിൽ നിന്നും നമ്മുടെ കുടുംബാംഗങ്ങൾക്ക് ഒപ്പമായിരുന്നു വേദിയിൽ എത്തിച്ചേർന്നത്. അദ്ദേഹം ഈ നൂറ്റാണ്ടിൽ തകർന്നുകൊണ്ടിരിക്കുന്ന കുടുംബ ബന്ധങ്ങളെ പറ്റി വളരെ അർത്ഥവത്തായി സംസാരിച്ചു. കൂട്ടത്തിൽ തിരുവിതാംകൂറിൽ നിന്നു പോലും ദൂരവും സാമ്പത്തിക നഷ്ടവും പരിഗണിക്കാതെ എത്തിയവരെ മുക്തകണ്ഠം പ്രശംസിച്ചു.

മുഖ്യ പ്രഭാഷണത്തിനായി എത്തിച്ചേർന്നത് നെടുംപുറംചാൽ പള്ളി വികാരി റവ.ഫാ.ഫ്രാൻസിസ് മറ്റം ആയിരുന്നു. കുടുബ ബന്ധങ്ങളിൽ ദൈവ വിശ്വാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി ആധികാരികമായി സംസാരിച്ചു. തുടർന്ന് നമ്മുടെ കുടുംബാംഗമായ റവ. ഫാ.സെബാസ്റ്റ്യൻ അരിച്ചാലിൽ, പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.എം. രാജൻ എന്നിവർ നടത്തിയ ആശംസകൾ അവസരോചിതവും ചിന്തിപ്പിക്കുന്നതുമായിരുന്നു.

പൊതു സമ്മേളനത്തിൽ നന്ദി പ്രകടനത്തിനായി എത്തിയത് ആതിഥേയ കുടുംബനാഥ, ശ്രീമതി തങ്കമ്മ ടീച്ചറായിരുന്നു.

പരിചയവും, പങ്കാളിത്തവും അനുഭവ ജ്ഞാനവും ഏറെയുളള്ള തങ്കമ്മ ടീച്ചർ സമ്മേളനത്തിൽ പങ്കെടുത്ത മുഴുവൻ പേർക്കും അതിന്റെ വിജയത്തിനായി അണിയറയിൽ പ്രവർത്തിച്ച മുഴുവൻ പേർക്കും ലളിതമായ ഭാഷയിൽ നന്ദി അറിയിച്ചു.

തുടർന്ന് മാനസ്സിക സമ്മർദ്ദം, വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും വരുത്തിയേക്കാവുന്ന മാറ്റങ്ങളെപ്പറ്റിയും അതിനുള്ള പരിഹാര മാർഗ്ഗങ്ങളെ പറ്റിയും ഡോ. സെസിങ്ങ് M B B S, M D സൈക്യാട്രി അസോസ്സിയേറ്റ് പ്രൊഫസർ ഗവൺമെന്റ് മെഡിക്കൽ കോളേജ് തൃശൂർ നടത്തിയ ക്ലാസ് വളരെ പ്രയോജനകരമായിരുന്നു.

വീണ്ടും ക്ലാസ്സുമായി വന്നത് ഡോ ധന്യ സെബിയായിരുന്നു. കുട്ടികളുടെ മാനസ്സിക ആരോഗ്യമെന്ന വിഷയത്തെപ്പറ്റി സാധാരണ വീട്ടമ്മമാർക്ക് മനസ്സിലാകുന്ന ഭാഷയിൽ ബോധവൽക്കരണ ക്ലാസ്സ് നടത്തി. അത് വളരെ വിജ്ഞാനപ്രദമായിരുന്നു.

വിമൽജോതി എഞ്ചിനീയറിംഗ് കോളേജ് അസോസ്സിയേറ്റ് പ്രഫസർ ശ്രീമാൻ പി.ജെ ജോസഫ് കുടുംബത്തിലെ വ്യക്തി ബന്ധങ്ങൾ എന്ന വിഷയത്തെ രസകരമായ കളികളിലൂടെ അവതരിപ്പിച്ചു. ആബാലവൃന്ദം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമായിരുന്നു.

KCYM സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ ശ്രീമാൻ റിജു മൈലംപ്പെട്ടി കുടുംബ ഭദ്രതയിൽ യുവജനങ്ങളുടെ പങ്കാളിത്തത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തി.

വർത്തമാന കാലത്തെ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി മഹാരാജാസ് കോളേജ് റിട്ട. പ്രഫസർ ശ്രീമാൻ കെ. പി ജോസഫ് ലളിതമായ ശൈലിയിൽ വാക്കുകൾ ചുരുക്കിയും എന്നാൽ വിപുലമായ അറിവുകളെ സംഗ്രഹിച്ചും സംസാരിച്ചു.

പിന്നീട് വിഭവസമൃദ്ധവും സ്വാദിഷ്ഠവുമായ ഭക്ഷണമായിരുന്നു. യാതൊരു പരാതികൾക്കും ഇടം കൊടുക്കാതെ വേണ്ട വിധത്തിൽ എല്ലാവരേയും ഒരേ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് നമ്മുടെ മെമ്പർമാർ പരമാവധി ശ്രദ്ധിച്ചു.

പിന്നീട് നടന്നത് കുടുംബ യോഗത്തിന്റെ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പായിരുന്നു.

| | | |
|---|---|---|
| പ്രസിഡന്റ് | : | ബേബി കുപ്പായക്കോട്ട് |
| വൈസ് പ്രസിഡന്റ് | : | റിജുമോൻ മൈലംപെട്ടി |
| സെക്രട്ടറി | : | ജോസ് കല്ലാനോട് |
| ജോ സെക്രട്ടറി | : | ജോയി അണിയറ |
| ട്രഷറർ | : | ടോമി വീർപ്പാട് |
| യൂത്ത് വിംഗ് പ്രസിഡന്റ് | : | മനോജ് കുപ്പായക്കോട് |
| സെക്രട്ടറി | : | മാത്തുക്കുട്ടി വീർപ്പാട് |

**എക്സിക്യൂട്ടവ് കമ്മിറ്റിയിലേക്ക് പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവർ**

1. ജോർജ്കുട്ടി കോഴിക്കോട്
2. സെബാസ്റ്റ്യൻ ആലക്കോട്
3. മുൻ പ്രസിഡന്റ് പി.ടി ജോസഫ്
4. മുൻ സെക്രട്ടറി ചെറിയാൻ മാസ്റ്റർ
5. സിബി ചെമ്പനോട.

**യുവ ജനവിഭാഗത്തിലേക്ക് പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവർ:-**

1. റിജുമോൻ മൈലംപെട്ടി
2. റോഷൻ സെബാസ്റ്റ്യൻ
3. നീനു ജേക്കബ്
4. മഞ്ചു.പി.റ്റി
5. ജോസഫീന ജോസഫ്

പിന്നീട് നമ്മുടെ സമ്മേളനത്തിന് ആവേശം പകരുന്ന വടംവലി മത്സരവും നടത്തി.

അഞ്ചു മണിക്ക് സമാപന സമ്മേളനത്തിൽ സമ്മാനാർഹരായ മുഴുവൻ പേർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. മുഴുവൻ സമ്മാനങ്ങളും സ്പോൺസർ ചെയ്തത് ബുള്ളറ്റ് ലോജിസ്റ്റിക് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശ്രീമാൻ ബിജു ജേക്കബ് പതിയിലായിരുന്നു.

കഴിഞ്ഞ സമ്മേളനത്തിനുശേഷം മൂന്ന് എക്സിക്യൂട്ടീവ് യോഗങ്ങൾ കൂടുകയും കുറെ നല്ല തീരുമാനങ്ങൾ എടുക്കുകയും കുറച്ചു കാര്യങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തു.

1. ക്രിസ്തുമസ് ആശംസകൾ മുഴുവൻ വീടുകളിലും എത്തിച്ചു.

2.. നമ്മുടെ കുടുംബാംഗമായ ഫാദർ ധനേഷ് തൃശൂരിന്റെ പുത്തൻ കുർബ്ബാനയിൽ പങ്കെടുക്കുകയും ഉപഹാരം കൊടുക്കുകയും ചെയ്തു.

3. കുടുംബ വിവര ബയോഡാറ്റാ എല്ലാ കുടുംബങ്ങളിലുമെത്തിച്ചു കൊടുത്തു. അതിന്റെ തുടർ പ്രവർത്തനം എന്ന നിലയിൽ വെബ്സൈറ്റിന്റെ പ്രവർത്തനം നടത്തി കൊണ്ടിരിക്കുന്നു. അതിനായുള്ള കമ്മിറ്റിയിൽ സെബാസ്റ്റ്യൻ ആലക്കോട്, റിജുമോൻ മൈലംപെട്ടി, മാത്തുക്കുട്ടി വീർപാട്, സന്തോഷ് അണുങ്ങോട് എന്നിവരെ ചുമതല ഏൽപ്പിച്ചു. അവരുടെ നിരന്തര പരിശ്രമത്തിന്റെ ഫലമാണ് ഇന്ന് നടക്കാൻ പോകുന്ന www.panthaplakkal.com എന്ന വെബ് സൈറ്റ് ഉദ്ഘാടനം. ഇതിനായി തങ്ങളുടെ വിലയേറിയ സമയവും പണവും മുടക്കി ഈ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിഅംഗങ്ങളെ ഈ സന്ദർഭത്തിൽ നന്ദിയോടും സ്നേഹത്തോടും കൂടി സ്മരിക്കുകയും ആഭിനന്ദിക്കുകയും ചെയ്യുന്നു.

കുടുംബക്കൂട്ടായ്മയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനായി 50,000/- രൂപയുടെ ചിട്ടി തുടങ്ങാൻ തീരുമാനിച്ചു. അതിന്റെ നടത്തിപ്പിനായി ഒരു കമ്മിറ്റിക്ക് രൂപം നൽകി, സന്തോഷ് അണുങ്ങോട്, മാത്തുകുട്ടി വീർപ്പാട്, മനോജ് കുപ്പായക്കോട്, റിജുമോൻ മൈലംപെട്ടി എന്നിവരെ കമ്മിറ്റിയുടെ ചുമതല ഏൽപ്പിച്ചു.

പതിനൊന്നാം സമ്മേളനം ഇത്രയും വിജയകരമാക്കി സംഘടിപ്പിച്ചതിന്റെ മുഴുവൻ ക്രെഡിറ്റും ചെറിയാൻ മാസ്റ്റർക്കും കുടുംബത്തിനുമാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ പുതുമയാർന്ന പരിപാടികളോടെ ഈ സംഗമത്തെ അതിന്റെ പൂർണ്ണതയിൽ എത്തിക്കാൻ സാധിച്ചു. ആയതിനാൽ ചെറിയാൻ മാസ്റ്റർക്കും കുടുംബത്തിനും പന്തപ്ലാക്കൽ കുടുംബ കൂട്ടായ്മയുടെ പേരിൽ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും പ്രകടിപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് 12-ാം സമ്മേളനത്തിൽ സവിനയം വെക്കുന്നു.

എന്ന്

ജോസ് കല്ലാനോട്